പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1893 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ സുപ്രധാന തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ സുപ്രധാന തസ്തികയിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാർ എന്ന് പരിഗണിക്കുന്നവരുടെ ഉദ്യോഗപ്പേരുകൾ വെളിപ്പെടുത്തുമോ? | (എ) | 1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ<br>2. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ<br>3. എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണം)<br>4. എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ)<br>5. എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് ആന്റ് വർക്സ്)<br>6. എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)<br>7. എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)<br>8. ചീഫ് എഞ്ചിനീയർ – എന്നീ തസ്തികകളാണ് കെ.എസ്.ആർ.ടി.സി.യിലെ സുപ്രധാന തസ്തികകളിൽ വരുന്നത്. ഇതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകൾ സർക്കാർ അംഗീകരിക്കാത്തതും റെഗുലേഷൻസ് നിലവിൽ ഇല്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ എത്ര പേർ പി.എസ്.സി. വഴി നിയമനം ലഭിച്ച് സ്ഥാനക്കയറ്റം നേടിയവർ ആണെന്നും അവർ നിലവിൽ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുവെന്നും വെളിപ്പെടുത്താമോ; | (ബി) | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേക്ക് സർക്കാർ നേരിട്ട് നിയമനം നടത്തുന്നു. എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) തസ്തികയിൽ നിലവിൽ അഭ്യന്തര വകുപ്പിൽ നിന്നുള്ള ജീവനക്കാരൻ അന്യത്ര സേവനം |

| | | | |
|---|---|---|---|
| | | | അനുഷ്ഠിക്കുകയാണ്. എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം നേടിയവർ കേരള പി.എസ്.സി. മുഖാന്തിരം നിയമിതരായവരാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. യിൽ ആകെ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരുണ്ടെന്നും അതിൽ പി.എസ്.സി. നിയമനം വഴി ജോലി ലഭിച്ചവർ എത്രയെന്നും വെളിപ്പെടുത്താമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആകെ 2244 ജീവനക്കാരുണ്ട്. ഇതിൽ പി.എസ്.സി നിയമനം വഴി ജോലി ലഭിച്ച 1051 ജീവനക്കാരാണുള്ളത്. |

സെക്ഷൻ ഓഫീസർ